ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം
ഫോൺ: 0471-2323198
ഇ-മെയിൽ: jdacad@gmail.com

നം.എസിഡി എസ്.പി.സി(4)/139714/19/എച്ച്.എസ്.ഇ തീയതി. 15/03/2019

# സർക്കുലർ

**വിഷയം** - ഹ.സെ.വി. - 2019-20 അദ്ധ്യയന വർഷത്തെ വിദ്യാഭ്യാസ കലണ്ടർ - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

**സൂചന** - 07/03/2019 തീയതിയിലെ ജി.3/110/2019/പൊ.വി.വ. നമ്പർ സർക്കാർ കത്ത്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കിയ 2019-20 അദ്ധ്യയന വർഷത്തെ വിദ്യാഭ്യാസ കലണ്ടർ സർക്കാർ തലത്തിൽ അംഗീകരിച്ചിട്ടുണ്ട്. അതോടൊപ്പം താഴെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ കൂടി നടപ്പിലാക്കേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. 2019-20 അദ്ധ്യയന വർഷം ഒന്നു മുതൽ 12 വരെ ക്ലാസ്സുകൾക്ക് 203 അദ്ധ്യയന ദിവസങ്ങളും വൊക്കേഷണൽ ഹയർ സെക്കൻഡറിക്ക് 226 അദ്ധ്യയന ദിവസങ്ങളുമായിരിക്കും.

2. 17/08/2019, 24/08/2019, 31/08/2019, 05/10/2019, 04/01/2020, 22/02/2020 എന്നീ ശനിയാഴ്ചകൾ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളായിരിക്കും.

3. വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിന് രണ്ടാം ശനിയാഴ്ചകളും മറ്റ് പൊതു അവധി ദിവസങ്ങളും ഒഴികെ എല്ലാ ശനിയാഴ്ചകളും പ്രവൃത്തി ദിവസങ്ങളായിരിക്കും.

4. വിദ്യാഭ്യാസ കലണ്ടർ; പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ പരിധിയിൽ വരുന്ന മുഴുവൻ വിദ്യാലയങ്ങൾക്കും ബാധകമായിരിക്കും.

മുകളിൽ കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ എല്ലാ ഹയർ സെക്കൻഡറി വിദ്യാഭ്യാസ മേഖലാ ഉപഡയറക്ടർമാരുടെയും പ്രിൻസിപ്പൽമാരുടെയും അറിവിലേക്കും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി അറിയിക്കുന്നു.

**ഒപ്പ്**
**ജോയിന്റ് ഡയറക്ടർ**
**(അക്കാദമിക്)**